**25.06.2019**

## ഹൈക്കോടതി അനുമതി നേടി
## 'റീസൺ' ഇന്ന് (26.06.19) പ്രദർശനത്തിന്

ക്രമസമാധാന പ്രശ്നമുണ്ടാകാൻ വഴിതെളിച്ചേക്കും എന്ന് ചൂണ്ടിക്കാട്ടി ഇൻഫർമേഷൻ ആൻഡ് ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയം അനുമതി നിഷേധിച്ച 'റീസൺ' ഇന്ന് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വ ചലച്ചിത്ര മേളയിൽ പ്രദർശനത്തിനെത്തും. ഹൈക്കോടതിയുടെ പ്രത്യേക അനുമതി നേടിയാണ് ചിത്രം പ്രദർശനത്തിനെത്തുന്നത്.

ഗോവിന്ദ് പൻസാരെ, നരേന്ദ്ര ദാബോൽക്കർ എന്നിവരുടെ കൊലപാതകം, ഹിന്ദുത്വ ദേശീയതയിലൂന്നിയ സംഘർഷങ്ങൾ ഉണ്ടാക്കുന്നതിൽ സനാതൻ സൻസ്ഥയുടെ പങ്ക്, രാജ്യത്തുയർന്ന് വരുന്ന ദളിത് പ്രതിരോധങ്ങൾ, മുഹമ്മദ് അഖ്‌ലാഖിന്റെ കൊലപാതകം തുടങ്ങിയവയിലൂടെ കടന്ന് പോകുന്ന ചിത്രം 2018 ലാണ് പുറത്തിറങ്ങിയത്. ടൊറന്റോ ചലച്ചിത്രമേളയിലായിരുന്നു ചിത്രത്തിന്റെ ആദ്യ പ്രദർശനം.

ഹൈക്കോടതിയെ സമീപിച്ച് ചലച്ചിത്ര അക്കാദമിയാണ് പ്രദർശനത്തിന് അനുകൂല ഉത്തരവ് നേടിയെടുത്തത്. പ്രദർശനത്തിൽ ആനന്ദ് പടവർദ്ധനും പങ്കെടുക്കും. മേളയിൽ കഴിഞ്ഞ രണ്ട് ദിവസങ്ങളിലായി നടക്കേണ്ടിയിരുന്ന ചിത്രത്തിന്റെ പ്രദർശനം കേന്ദ്രാനുമതി ലഭിക്കാത്തതിനെ തുടർന്ന് മാറ്റിവച്ചിരുന്നു .കൈരളി തിയേറ്ററിൽ രാവിലെ 9.30 നും 11.45 നുമായാണ് ചിത്രം പ്രദർശിപ്പിക്കുക. പ്രദർശനത്തിന് ശേഷമുള്ള ചോദ്യോത്തര വേളയിൽ ആനന്ദ് പടവർദ്ധൻ പങ്കെടുക്കും.